**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5639** **24-03-2025 - ൽ മറുപടിയ്ക്ക്**

**പോഷൻ അഭിയാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 2019 മുതൽ 2025 വരെ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 2019 മുതൽ 2025 വരെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന 150 ൽ അധികം കരാർ ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും വൈകുന്നതായി വ്യാപകമായ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി പ്രസ്തുത ജീവനക്കാരുടെ ശമ്പളം മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും 2023-2024സാമ്പത്തിക വർഷത്തെ APIP ൽ 89.79 കോടി രൂപയുടെ അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ടി തുക കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ലഭിച്ചിരുന്നില്ല. ഇതുകൂടാതെ 2024-2025 ലെ സാമ്പത്തിക വർഷത്തെ ആദ്യ രണ്ട് പാദത്തിലെ ഫണ്ടായ 45,64,99,000/- രൂപ 28.09.2024 നാണ് കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ GO (Rt) No. 422/2024/WCDD dated 06.11.2024 പ്രകാരം 2024-2025 സാമ്പത്തിക വർഷത്തെ ആദ്യ രണ്ടു ക്വാർട്ടർ തുകയായ 76,08,31,667/- രൂപ SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് PFMS പോർട്ടലിൽ reflect ചെയ്തത് 2024 ഡിസംബർ മാസത്തിലായിരുന്നു. പദ്ധതിക്ക് ആവശ്യമായ കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തു വരുന്ന ജില്ലാ ബ്ലോക്ക് തല ജീവനക്കാരുടെ 2024 ജൂൺ മുതൽ ഡിസംബർ വരെയുള്ള ശമ്പളം വിതരണം വൈകിയ സാഹചര്യം ഉണ്ടായിട്ടുണ്ട്. ടി ജീവനക്കാർക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്യുന്നതിലേക്കായി എല്ലാ മാസം 20 ന് തന്നെ ടി ജീവനക്കാർക്ക് ആവശ്യമായ ഫണ്ട് റിക്വസ്റ്റും UCയും സമർപ്പിക്കാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് തന്നെ ശമ്പളം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 2025-2026 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | (സി)സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ 2025-2026 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള 1,13,17,94,000/- രൂപയുടെ പ്രൊപ്പോസൽ 2025 മാർച്ച് മാസം 4 ന് നടന്ന APIP യിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായ പോഷൻ ട്രാക്കർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിലെ മൊഡ്യൂളുകൾ സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കുന്നതിന് കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | (ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാന്റെ പോഷൻ ട്രാക്കർ ആപ്ലിക്കേഷനിൽ സോഫ്റ്റ്‌വെയറിലെ പുതിയ മൊഡ്യൂളുകൾ അവതരിപ്പിക്കുമ്പോൾ ആയത് സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസരിച്ച് വരുത്തേണ്ട മാറ്റങ്ങൾ കേന്ദ്ര സർക്കാരിൽ പ്രൊപോസൽ നൽകിയിട്ടുണ്ട്. കേരളത്തിൽ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ പല പ്രദേശങ്ങളിലും നെറ്റ്‌വർക്ക് ലഭിക്കാത്തതു മൂലം അപ്ലിക്കേഷനിലെ മൊഡ്യൂളുകൾക്ക് offline mode വേണമെന്ന് പ്രൊപ്പോസൽ നൽകുകയും AWC daily monitoring ഉൾപ്പടെയുള്ള മൊഡ്യൂളുകളിൽ ആയത് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് ഗുണഭോക്താക്കളെ കൃത്യതയോടെ വിശകലനം ചെയ്യുന്നതിലേക്ക് Edit Rights for Wiling to Take THR/HCM, "More Detailed Data on SAM and MAM, Data on Children not attending Anganawadi Centers, Capturing Gestational Age for Better Monitoring of Low Birth Weight Babies, Capturing Home Delivery Data in Poshan Tracker, Capturing Gestational Diabetes Data in Pregnant Women, Capturing Stillbirth and Infant Death Data in Poshan Tracker എന്നിവ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. Two Way Authentication System (Facial Recognition System and OTP) എന്ന പുതിയ അപ്ഡേഷനുകൾ പോഷൻ ട്രാക്കർ അപ്ലിക്കേഷനിൽ അവതരിപ്പിച്ചിട്ടുണ്ട്. ആയതിലും സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസരിച്ച് Offline mode, ഗുണഭോക്താക്കൾക്ക് നേരിട്ട് വരാൻ സാധിക്കാത്ത സാഹചര്യത്തിൽ കുടുംബത്തിലെ തന്നെ മറ്റ് അംഗങ്ങൾക്ക് THR വാങ്ങുന്നതിനുള്ള മാറ്റം ആപ്ലിക്കേഷനിൽ ഉൾപ്പെടുത്താനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പോഷൻ അഭിയാൻ പദ്ധതി-2019 മുതൽ 2025 വരെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ**

| DETAILS OF EXPENDITURE | | | | |
|---|---|---|---|---|
| Sl. No | Financial year | Amount Released (in Lakh) | Expenditure (In Lakh) | Remarks |
| 1 | 2017-18 | 1273 | 0 | |
| 2 | 2018-19 | 6491.91 | 109.64 | |
| 3 | 2019-20 | Nil | 4373.29 | |
| 4 | 2020-21 | 2680 | 2212.98 | |
| 5 | 2021-22 | Nil | 2420.41 | |
| 6 | 2022-23 | 2019 | 1283.34 | |
| 7 | 2023-24 | Nil | 1927.07 | |
| 8 | 2024-25 | 4564.99 | 1789.30 | (As on 17.03.2025) |
| | Total | 17028.9 | 14116.03 | |

സെക്ഷൻ ഓഫീസർ